# വേളാങ്കണ്ണിയിലേക്ക് റെയിൽവേ ലൈനായി

ചെന്നൈ: ലോകപ്രശസ്ത മരിയൻ തീർഥാടകകേന്ദ്രമായ വേളാങ്കണ്ണിയിലേക്കുള്ള യാത്രാക്ലേശത്തിനു ശാശ്വതപരിഹാരമായി റെയിൽവേ ലൈൻ യാഥാർഥ്യമായി. നാഗപട്ടണത്തിനും വേളാങ്കണ്ണിക്കുമിടയിലുള്ള ബ്രോഡ്ഗേജ് പാത കഴിഞ്ഞദിവസം വീഡിയോ കോൺഫറൻസിംഗ് മുഖേന മുഖ്യമന്ത്രി എം.കരുണാനിധി ഉദ്ഘാടനം ചെയ്തു. 2002ലാണ് ഈ പാതയ്ക്കു കേന്ദ്രസർക്കാർ അനുമതി നല്കിയത്. 2008ൽ നിർമാണമാരംഭിച്ചു. 10.3 കിലോമീറ്റർ ദൂരമുള്ള ഈ തീരദേശപാത 58 കോടി രൂപ മുതൽമുടക്കിലാണ് നിർമിച്ചത്. പാതയുടെ നിർമാണത്തിനായി വേളാങ്കണ്ണി തീർത്ഥാടനകേന്ദ്രം ഒരു കോടി രൂപ നല്കിയിരുന്നു. 20 ചെറിയ പാലങ്ങളും മൂന്നു വലിയ പാലങ്ങളും ഈ പാതയിലുണ്ട്. ഈ ലൈനിന്റെ തുടർച്ചയായുള്ള നാഗൂർ–കാരൈക്കൽ പാതയുടെ നിർമാണം പുരോഗമിക്കുകയാണ്.

90 കോടി രൂപ ചെലവിട്ടു നിർമിക്കുന്ന പത്തുകിലോമീറ്റർ നീളമുള്ള ഈ പാത രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാകുമെന്നാണ് റെയിൽവേ വൃത്തങ്ങൾ അറിയിച്ചത്. വേളാങ്കണ്ണിയിൽ പണിതീർത്ത റെയിൽവേ സ്റ്റേഷന്റെ ഉദ്ഘാടനവും കഴിഞ്ഞദിവസം നടന്നു. കേന്ദ്ര ധനകാര്യ സഹമന്ത്രി എസ്.എസ്. പളനിമാണിക്യമാണ് ഉദ്ഘാടനം നിർവഹിച്ചത്. ആദ്യ ട്രെയിനിന് അദ്ദേഹം പച്ചക്കൊടി കാട്ടി. റെയിൽവേ ലൈൻ സ്ഥാപിച്ചതു മലയാളികൾക്കു പ്രയോജനപ്പെടണമെങ്കിൽ നിലവിൽ കൊച്ചിയിൽനിന്നു നാഗപട്ടണത്തേക്കുള്ള ട്രെയിൻ വേളാങ്കണ്ണിയിലേക്കു നീട്ടേണ്ടിവരും.

**ടീഗാർഡൻ എക്സ്പ്രസ് വേളാങ്കണ്ണിവരെ നീട്ടണമെന്ന ആവശ്യം ശക്തമാകുന്നു**

കൊച്ചി: എറണാകുളം മുതൽ നാഗൂർ വരെ സർവീസ് നടത്തുന്ന 16686 നമ്പർ ടീ ഗാർഡൻ എക്സ്പ്രസ് ട്രെയിൻ വേളാങ്കണ്ണി വരെ നീട്ടണമെന്ന യാത്രക്കാരുടെ ആവശ്യം ശക്തമാകുന്നു. നാഗപട്ടണം–വേളാങ്കണ്ണി ബ്രോഡ്ഗേജ് പാത കഴിഞ്ഞദിവസം ഉദ്ഘാടനം ചെയ്തതോടെ തീർഥാടകരുടെ ഈ ആവശ്യത്തിനു പ്രസക്തിയേറിയിരിക്കുകയാണ്.

നേരത്തെ തിരുച്ചിറപ്പള്ളി വരെ സർവീസ് നടത്തിയിരുന്ന ടീഗാർഡൻ എക്സ്പ്രസ് ഇപ്പോൾ നാഗൂർ വരെ സർവീസ് നടത്തുന്നുണ്ട്. ഈ ട്രെയിനിൽ വേളാങ്കണ്ണിയിലേക്കു തീർഥയാത്ര പോകുന്നവർ നാഗപട്ടണത്ത് ഇറങ്ങി ട്രെയിൻ മാറി കയറണം. നാഗപട്ടണത്തുനിന്നു വേളാങ്കണ്ണിക്കു പാസഞ്ചർ ട്രെയിൻ സർവീസ് നടത്തുന്നുണ്ട്. പ്രായമേറിയവരും കുട്ടികളുമുൾപ്പെടെയുള്ള കുടുംബങ്ങളാണു കൂടുതലും വേളാങ്കണ്ണിയിലേക്കു തീർഥയാത്ര പോകുന്നത്. എന്നാൽ, ട്രെയിൻ മാറിക്കയറുന്നതും മറ്റും തീർഥാടകർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

വേളാങ്കണ്ണി വരെ നീട്ടിയാൽ വേളാങ്കണ്ണി തീർഥാടന കേന്ദ്രത്തിന്റെ 200 മീറ്റർ അടുത്തു വരെ തീർഥാടകർക്കു ഈ ട്രെയിനിൽ തന്നെ ചെന്നെത്താം. വണ്ടി മാറിക്കയറുന്ന ബുദ്ധിമുട്ടും ഒഴിവാക്കാം. നാഗപട്ടണം–വേളാങ്കണ്ണി ബ്രോഡ്ഗേജ് പാത തുറന്നതോടെ യാത്രക്കാരുടെ ഈ ആവശ്യം എത്രയും വേഗം നിറവേറപ്പെടുമെന്നാണു പ്രതീക്ഷ. എല്ലാ ദിവസവും രാത്രി 10.05ന് എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിൽനിന്നാണു ട്രെയിൻ സർവീസ് ആരംഭിക്കുന്നത്. കൊച്ചിയിൽനിന്നു പുറപ്പെടുന്ന ടീഗാർഡൻ എക്സ്പ്രസ് കോട്ടയത്തുനിന്നോ ചങ്ങനാശേരിയിൽനിന്നോ പുറപ്പെടുകയാണെങ്കിൽ കൂടുതൽ തീർഥാടകർക്കു പ്രയോജനപ്പെടുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

അതേസമയം, ടീഗാർഡൻ എക്സ്പ്രസ് വേളാങ്കണ്ണിയിലേക്കു സർവീസ് നടത്തണമെങ്കിൽ നാഗപട്ടണത്തെത്തുമ്പോൾ എൻജിൻ മാറ്റേണ്ടതുണ്ട്. ഇതിനും ട്രെയിൻ സർവീസ് വേളാങ്കണ്ണി വരെയാക്കുന്നതിനും ഏറെ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടെന്നാണു റെയിൽവേ അധികൃതരുടെ വിശദീകരണം.